(ബി) സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഇപ്പോൾ മൊത്തം 2½ ലക്ഷം തൊഴിലാളികളുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അവരിൽ ഏകദേശം 70,000 പേർ സ്ത്രീ തൊഴിലാളികളാണ്.

വ്യവസായ സ്ഥാപനങ്ങളുടെ തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ

797. [988] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഓരോ അർദ്ധവർഷത്തിലും നൽകേണ്ട തൊഴിൽ സ്ഥിതിവിവരക്കണക്കുകൾ ഗവൺമെന്റിന് സമർപ്പിക്കുന്നുണ്ടോ ?

ഉത്തരം

ഈ വകുപ്പിൽ ലഭിക്കുന്നില്ല.

പോപ്പുലർ ഓട്ടോ മൊബൈൽസിലെ സമരം

798. [989] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോപ്പുലർ ഓട്ടോ മൊബൈൽസിലെ തൊഴിലാളികൾ എന്നു മുതലാണ് സമരം തുടങ്ങിയത് ;

(ബി) ഈ സമരം ഒത്തുതീർപ്പിലെത്തിക്കാൻ ഗവൺമെന്റ് എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) സമരത്തിനാധാരമായ കാരണങ്ങൾ എന്തെല്ലാമായിരുന്നു ?

ഉത്തരം

(എ) 1986 ജനുവരി മാസം മുതൽ

(ബി) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ലേബർ ഓഫീസർമാർ വിവിധ കോൺഫറൻസുകൾ നടത്തിയെങ്കിലും പ്രശ്നം പരിഹരിക്കപ്പെടാത്തതുകൊണ്ട് 7-4-1986-ൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും 27-5-1986-ൽ എറണാകുളം ജോയിന്റ് ലേബർ കമ്മീഷണറുടെ നേതൃത്വത്തിലും സമ്മേളനങ്ങൾ നടന്നു. ഒടുവിൽ 23-10-1986-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഈ തൊഴിൽ തർക്കം ഒത്തു തീർപ്പായി. ഒത്തുതീർപ്പിന്റെ ഫലമായി തൃശ്ശൂർ, എറണാകുളം ശാഖകളിലെ സമരം പിൻവലിക്കുകയും തിരുവനന്തപുരം ശാഖയിലെ ലോക്കൗട്ട് ലിഫ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 3-10-1986 മുതൽ എല്ലാ ശാഖകളിലും ജോലി പുനരാരംഭിക്കുന്നതാണ്.

(സി) പോപ്പുലർ ഓട്ടോ മൊബൈൽസിന്റെ തിരുവനന്തപുരം ശാഖയിലുള്ള 7 ജൂനിയർ സെയിൽസ്മാൻമാർ ലോറിയിൽ കൊണ്ടുവരുന്ന സാധനങ്ങൾ ഇറക്കി വയ്ക്കുന്ന ജോലി ചെയ്യണമെന്ന മാനേജിന്റെ നിർദ്ദേശം അനുസരിക്കാതിരുന്നതിനെ തുടർന്ന് 1-1-1986-ൽ സസ്പെന്റ് ചെയ്യപ്പെട്ടു. സസ്പെൻഷനെ തുടർന്ന് സ്ഥാപനത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചു. 4-1-1986-ൽ ടി ശാഖയിൽ ലോക്കൗട്ട് പ്രഖ്യാപിച്ചു. തൊഴിലാളികളുടെ സ്ഥലം മാറ്റം തൊഴിലാളികൾ ഉന്നയിച്ചിരുന്ന വിവിധ ആവശ്യങ്ങൾ തൊഴിലാളികളുടെ പേരിൽ മാനേജ്മെന്റ് ഉന്നയിച്ച മോഷണ കുറ്റം എന്നിവയാണ് എറണാകുളം ശാഖകളിൽ സമരമുണ്ടായതിനുള്ള പ്രധാന കാരണങ്ങൾ. 7 തൊഴിലാളികളെ മോഷണ കുറ്റം ചുമത്തി സസ്പെൻറു ചെയ്യപ്പെട്ടതോടെയാണ് തൃശ്ശൂർ ശാഖയിൽ സമരം ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly